**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 179** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്നുള്ളത് വിശദീകരിക്കാമോ; | (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് ചേവായൂർ ഗവണ്മെന്റ് ത്വക്ക് രോഗാശുപത്രി ക്യാമ്പസ്സിൽ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിനായുള്ള പ്രാഥമിക പദ്ധതി രേഖ തയാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി മുഖാന്തിരം, 643.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതിയ്ക്കായുള്ള നടപടികൾ കിഫ്ബി മുഖാന്തിരം നടന്നുവരുന്നു. ഒന്നാം ഘട്ടം പൂർത്തിയാകുന്നതു വരെ കാത്തുനില്ക്കാതെ ആശുപത്രി പ്രവർത്തനങ്ങൾ താത്കാലികമായി ആരംഭിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമുള്ള മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ, ഹൈറ്റ്സ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനും സിവിൽ വർക്കുകൾക്കുമായി 14.40 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. താത്കാലിക സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി പ്രൊജക്റ്റ് ഓഫീസും ആരംഭിച്ചിട്ടുണ്ട്. ഇൻസ്റ്റിട്യൂട്ടിന്റെയും പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഡെർമറ്റോളജി ഹോസ്പിറ്റലിന്റെയും ആർക്കിടെക്ച്ചറൽ പ്ലാനുകൾ, ഹോസ്പിറ്റൽ ക്യാമ്പസ്സിന്റെ മാസ്റ്റർ പ്ലാൻ എന്നിവ തയാറാക്കിയിട്ടുണ്ട്. നിർദിഷ്ട സ്ഥലം പാട്ട വ്യവസ്ഥയിൽ കൈമാറുന്നതിന്റെ ഭാഗമായുള്ള ഭൂമി സർവ്വേ പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര തുകയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇൻസ്റ്റിട്യൂട്ടിന്റെ സ്ഥാപനത്തിനായി 643.88 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.<br>ഭരണാനുമതിയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു:- |

| | | | |
|---|---|---|---|
| | | | 1. കോഴിക്കോട് മെഡിക്കൽ കോളേജിൽ PMSSY ബ്ലോക്കിൽ ആരംഭിക്കുന്ന താൽകാലിക സംവിധാനത്തിന് 14.40 കോടി രൂപ<br><br>2. കോഴിക്കോട് ചേവായൂരിൽ ഡെർമറ്റോളജി ഹോസ്പിറ്റലും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് 27.33 കോടി രൂപ<br><br>3. കോഴിക്കോട് ചേവായൂരിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാൻറ്റേഷൻ സ്ഥാപിക്കുന്നതിനുള്ള<br><br>(i) ഒന്നാം ഘട്ടം 400.21 കോടി രൂപ<br><br>(ii) രണ്ടാം ഘട്ടം 183.41 കോടി രൂപ<br><br>(iii) 33 കെ.വി പവർ സപ്ലൈ സ്ഥാപിക്കുന്നതിന് 18.52 കോടി രൂപ<br><br>ആശുപത്രി പ്രവർത്തനങ്ങൾ താത്കാലികമായി ആരംഭിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. അതിനായി വേണ്ട സിവിൽ വർക്കുകളും, ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഇൻസ്റ്റിട്യൂട്ടിന്റെ സ്ഥാപനത്തിനായി 643.88 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഭരണാനുമതിയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു:-<br><br>1. കോഴിക്കോട് മെഡിക്കൽ കോളേജിൽ PMSSY ബ്ലോക്കിൽ ആരംഭിക്കുന്ന താൽകാലിക സംവിധാനത്തിന് 14.40 കോടി രൂപ<br><br>2. കോഴിക്കോട് ചേവായൂരിൽ ഡെർമറ്റോളജി ഹോസ്പിറ്റലും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് 27.33 കോടി രൂപ<br><br>3. കോഴിക്കോട് ചേവായൂരിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാൻറ്റേഷൻ സ്ഥാപിക്കുന്നതിനുള്ള<br><br>(i) ഒന്നാം ഘട്ടം 400.21 കോടി രൂപ<br><br>(ii) രണ്ടാം ഘട്ടം 183.41 കോടി രൂപ<br><br>(iii) 33 കെ.വി പവർ സപ്ലൈ സ്ഥാപിക്കുന്നതിന് 18.52 കോടി രൂപ<br><br>ആശുപത്രി പ്രവർത്തനങ്ങൾ താത്കാലികമായി ആരംഭിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ സൗകര്യം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയിട്ടുണ്ട്. അതിനായി വേണ്ട സിവിൽ വർക്കുകളും, ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ഡി) | ഇതിനായി എത്ര തുകയാണ് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | ഇൻസ്റ്റിട്യൂട്ടിന്റെ സ്ഥാപനത്തിനായി 643.88 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഭരണാനുമതിയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു:-<br><br>1. കോഴിക്കോട് മെഡിക്കൽ കോളേജിൽ PMSSY ബ്ലോക്കിൽ ആരംഭിക്കുന്ന താൽകാലിക സംവിധാനത്തിന് 14.40 കോടി രൂപ<br><br>2. കോഴിക്കോട് ചേവായൂരിൽ ഡെർമറ്റോളജി ഹോസ്പിറ്റലും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് 27.33 കോടി രൂപ<br><br>3. കോഴിക്കോട് ചേവായൂരിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാൻറ്റേഷൻ സ്ഥാപിക്കുന്നതിനുള്ള<br><br>(i) ഒന്നാം ഘട്ടം 400.21 കോടി രൂപ<br><br>(ii) രണ്ടാം ഘട്ടം 183.41 കോടി രൂപ<br><br>(iii) 33 കെ.വി പവർ സപ്ലൈ സ്ഥാപിക്കുന്നതിന് 18.52 കോടി രൂപ<br><br>ആശുപത്രി പ്രവർത്തനങ്ങൾ താത്കാലികമായി ആരംഭിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. അതിനായി വേണ്ട സിവിൽ വർക്കുകളും, ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ